

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 10 Issue 6 June 2024

# ഉള്ളടക്കം


Welcome TO JUBILEE FAMILY 12

RESEARCH WINGS 16

DOCTOR'S CORNER — DENGUE FEVER : A PUBLIC HEALTH IMPERATIVE 23

തിരുഹൃദയം ........ 01

നഴ്സസ് ദിനം ആദരം നൽകി ജൂബിലി ........ 03

ജൂബിലി ഗവേഷണകേന്ദ്രം ദശാബ്ദി നിറവിൽ ........ 06

പാമ്പുകടി ലൈഫ് സപ്പോർട്ട് ........ 08

മദർ തെരേസ ഹാളിന് പുതിയ മുഖം ........ 10

ചർമ്മം മിനുക്കാം, മിഡ്ക്യൂട്ടികോൺ ........ 11

വായിച്ച് വളരാം ........ 13

നഴ്സസ് ദിനമാഘോഷിച്ച് JMCON & JMSON ........ 14

ലോക ഹൈപ്പർടെൻഷൻ ക്യാമ്പും ക്ലാസ്സും ........ 15

ക്ലാസ്മുറിക്കുള്ളിൽ സ്റ്റാറാകാൻ ........ 17

ഓടിജയിച്ച് JMCON ........ 18

ജൂബിലി ആയുർവേദയ്ക്ക് ആയൂർ ഡയമണ്ട് ക്ലാസിഫിക്കേഷൻ ........ 19

ബ്രോങ്കിയൽ ആസ്ത്മ : ലക്ഷണങ്ങൾ, സമീപനം, ചികിത്സ ........ 21

കാഴ്ച പരിമിതിയില്ലാതാക്കാൻ സ്മാർട്ട് മിഷൻ ഗ്ലാസ് ........ 26

ഏകദിന തുടർവിദ്യാഭ്യാസ ശില്പശാല ........ 28

ദഹനവ്യവസ്ഥയെ വ്യത്തിയായി സൂക്ഷിക്കാൻ ഡയറ്ററി ഫൈബർ ........ 31

കാണപ്പെടുന്ന ദൈവമുള്ളിടം 27

AHA ജൂബിലി ഇന്റർനാഷണൽ ട്രെയിനിങ് സെന്റർ 29



# തിരുഹൃദയം

ജൂൺമാസം ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകമായും പ്രതിഷ്ഠിതമായ മാസമാണല്ലോ. 'ഹൃദയം' സ്നേഹത്തിന്റെ ഇരിപ്പിടമായി മനുഷ്യൻ കാണുന്നു. പലപ്പോഴും സ്നേഹത്തിന് പകരം വെയ്ക്കുന്ന വാക്കായി ഹൃദയം മാറുന്നു. അതുകൊണ്ടാണ് മനുഷ്യത്വമില്ലാത്ത പെരുമാറ്റം പലരിലും കാണുമ്പോൾ 'ഹൃദയമില്ലാത്ത മനുഷ്യൻ' എന്ന് നാം പറയുന്നത്.

ഈശോയുടെ തിരുഹൃദയം എല്ലാവരേയും സ്നേഹിക്കുന്ന ഹൃദയമാണ്... ക്ഷമിക്കുന്ന ഹൃദയമാണ്... എല്ലാവരോടും കരുണ കാണിക്കുന്ന ഹൃദയമാണ്. നമുക്കുവേണ്ടി സ്വന്തം ജീവൻ തന്നെ ബലിയായി അർപ്പിച്ച സ്നേഹനിധിയാണ് അവിടുന്ന്. മറ്റുള്ളവർക്ക് വേണ്ടി ത്യാഗം സഹിക്കാൻ നമ്മെ പഠിപ്പിച്ച തിരുഹൃദയം.

അനുതപിച്ച് കടന്നുവരുന്ന ഏതൊരു കൊടുംപാപിയെയും സ്വീകരിക്കുന്ന തിരുഹൃദയം. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകുമെന്ന് വചനം പഠിപ്പിക്കുന്നില്ലേ? (ലൂക്കാ 15:10)

ഈശോ വി. ഫൗസ്റ്റീനയോട് പറഞ്ഞു: ‘‘ഞാൻ കരുണയുള്ള ദൈവമാണ്. നീ എന്റെ മക്കളോട് പറയുക: അവർ എത്രമേൽ പാപികളാണെങ്കിലും തെറ്റുകളെക്കുറിച്ച് അനുതപിച്ച്, പശ്ചാത്തപിച്ച് എന്റെയടുത്ത് വരുകയാണെങ്കിൽ ഞാൻ എന്റെ കരുണക്കടലിൽ അവരെ മുക്കും’’.



നൂറാടുകളിൽ ഒരാട് നഷ്ടപ്പെട്ടപ്പോൾ ആ ഒരെണ്ണത്തിനെത്തേടി പുറപ്പെടുന്ന സ്നേഹനിധിയാണ് ഈശോ... ഒരാത്മാവ് പോലും നഷ്ടപ്പെട്ടുപോകാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല.

സ്നേഹത്തിന്റെ, ക്ഷമയുടെ, കരുണയുടെ, അനുകമ്പയുടെ ഈ മനോഭാവം നമ്മിലും ഉണ്ടാകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. മറ്റുള്ളവരുടെ വേദന കാണുമ്പോൾ താടിയിൽ കൈവെച്ച് പോകുന്ന വെറുമൊരു ‘sympathy’ (സഹതാപം) മാത്രമാകരുത് നമുക്ക്. അതിനുമപ്പുറം ഒരു empathetical love (സഹാനുഭൂതി) ഉണ്ടാകണം. അപരന്റെ വേദന എന്റെകൂടി വേദനയായി മാറണം.

അവന്റെ/അവളുടെ കണ്ണീര് എന്റെകൂടി കണ്ണീരാകണം. അങ്ങനെയാകുമ്പോൾ നമ്മുടെ സ്നേഹം പ്രവർത്തിപഥത്തിലെത്തും.‘‘വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്’’ (1 യോഹ 3:18). ‘‘നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ’’ (ലൂക്കാ 6:36).

ഈശോയുടെ തിരുഹൃദയം നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെ, നമുക്ക് കാണിച്ചുതന്നിട്ടുള്ളതുപോലെ സ്നേഹത്തിലും എളിമയിലും ക്ഷമയിലും കരുണാപൂർവ്വകമായ പെരുമാറ്റത്തിലും പരിത്യാഗ മനോഭാവത്തിലും ജീവിത വിശുദ്ധിയിലും വളരാൻ നമുക്ക് ഇടയാകട്ടെ. നമുക്ക് പ്രാർത്ഥിക്കാം; ഹൃദയശാന്തതയും എളിമയുമുള്ള ഈശോയുടെ തിരുഹൃദയമെ, ഞങ്ങളുടെ ഹൃദയം അങ്ങേ തിരുഹൃദയത്തിന് ഒത്തതാക്കണമെ’’

ഈശോയുടെ തിരുഹൃദയം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ**
പാസ്റ്ററൽ കെയർ ടീം മെമ്പർ




# നഴ്സസ് ദിനം

## ആദരം നൽകി ജൂബിലി

ജൂബിലി മിഷൻ ആശുപത്രിയിൽ നഴ്സസ് ദിനത്തോടനുബന്ധിച്ച് വർഷങ്ങളായി നഴ്സിങ്ങ് മേഖലയിൽ സേവനം അനുഷ്ഠിച്ചുവരുന്ന സ്റ്റാഫ് നഴ്സ് എൽ. ശോഭയെ ആദരിച്ചു. മുറിചുണ്ടും മുറിഅണ്ണാക്കുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയ ചെയ്യുന്ന അമേരിക്ക ആസ്ഥാനമായുള്ള അന്താ





രാഷ്ട്ര സംഘടനയായ സ്മൈൽ ട്രെയിൻ രോഗികൾക്ക് ഏറ്റവും മികച്ച സേവനം നൽകുന്ന ലോകത്തിലെ തന്നെ ഏറ്റവും നല്ല നഴ്സുമാരിൽ മൂന്നാമത്തെ നഴ്സ് എന്ന സ്ഥാനം നൽകി സിസ്റ്റർ ശോഭയെ ആദരിച്ചിരുന്നു. ചടങ്ങിൽ ഒല്ലൂർ എ. എസ്. പി. മുഹമ്മദ് നദീം ഐ.പി.എസ്. സിസ്റ്റർ ശോഭയ്ക്ക് ഉപഹാരം










നൽകി. തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, നഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ എഫ്.സി.സി. എന്നിവർ സന്നിഹിതരായിരുന്നു.

## തൃശ്ശൂർ പൂരം ഒന്നാം സ്ഥാനം JMMC&RI പവലിയന്

തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പവലിയൻ ആരോഗ്യമേഖലയിലെ മികച്ച പവലിയനുള്ള ഒന്നാം സ്ഥാനം കരസ്ഥമാക്കി.







# ജൂബിലി ഗവേഷണകേന്ദ്രം ദശാബ്ദി നിറവിൽ

ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ് 2014-ൽ ആരംഭിച്ച ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് (JCMR) ദശവത്സരാഘോഷം സമുചിതമായി ആഘോഷിച്ചു. 2023 മാർച്ച് 4ന് ഉദ്ഘാടനം ചെയ്യപ്പെട്ട ആഘോഷപരിപാടികൾ 2024 മെയ് 25ന് സമാപിച്ചു. സമാപനപരിപാടികൾക്ക് ഡയറക്ടർ ഫാ. റെന്നിമുണ്ടൻകുരിയനും അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരിയും നേതൃത്വം നൽകി. അക്കാദമിക് ബ്ലോക്കിലെ താഴത്തെ നിലയിലെ ഗ്രോട്ടോയുടെ മുൻപിൽ പ്രാർത്ഥനയോടെ ഉച്ചയ്ക്ക് 12 മണിക്ക് ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് മുൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 10 കിലോ തൂക്കമുള്ള മെഴുകുതിരി തെളിയിച്ചു. തുടർപരിപാടികൾക്ക് റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ സദസ്സിന് ഹൃദ്യമായി സ്വാഗതം ആശംസിച്ചു. തുടർന്ന് 10 വർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്ന വീഡിയോ പ്രദർശിപ്പിച്ചു. ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് മുൻകയ്യെടുത്ത മുൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, മുൻ പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, ബയോകെമിസ്ട്രി വകുപ്പ് മുൻമേധാവി ഡോ. പി. ടി. അണ്ണാമ



ലൈ, അനാട്ടമി വിഭാഗം പ്രൊഫസർ ഡോ. എസ്. രഞ്ജിത്ത് എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു,

ജെ. സി. എം. ആർ-ൽ ഗവേഷകരായി പ്രവർത്തിച്ചശേഷം സ്ഥലംമാറിപ്പോയ പമല ജോൺ (ഹൈദ്രബാദ്), ഡോ. ജോൺ തോമസ് (ചേർത്തല), പ്രസ്തിന ലോഫി (ആരോഗ്യ സർവ്വ കലാശാല) എന്നിവർക്കും ഉപഹാരങ്ങൾ നൽകി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ CEO ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവരും ജൂബിലിയിലെ വിവിധ സ്ഥാപന അധികൃതരും മെഡിക്കൽ കോളേജിലെ വിവിധ വകുപ്പ് അധികൃതരും മറ്റ് സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. ദശാബ്ദി സ്മാരകമായി ആരംഭിക്കുന്ന ജിനൊടോക്സിസിറ്റി (Genotoxicity) ലാബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആമുഖമായി പ്രതിപാദിച്ച് ഫാ. റെന്നി മുണ്ടൻകുരിയൻ ഗവേഷണപരിപാടി പരിചയപ്പെടുത്തി. റിസർച്ച് കോ-ഓഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് നന്ദി പ്രകാശിപ്പിച്ചു.






# പാമ്പുകടി- ലൈഫ് സപ്പോർട്ട്

## INTERNATIONAL SBLS WORKSHOP

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയും പീച്ചി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി 'സ്നേക്ക് ബൈറ്റ് ലൈഫ് സപ്പോർട്ട്' (SBLS Workshop) എന്ന ദേശീയ ശില്പശാല സംഘടിപ്പിച്ചു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. കണ്ണൻ സി.എസ്. വാര്യർ ഉദ്ഘാടനംചെയ്തു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. പാമ്പുവിഷ ചികിത്സാരംഗത്ത് ജൂബിലി മിഷൻ ആശുപത്രി ദീർഘകാലമായി പുലർത്തിപ്പോരുന്ന സാമൂഹിക പ്രതിബദ്ധതയും കാലങ്ങളോളമായി ജൂബിലിയിൽ പാമ്പുകടിയേറ്റു വരുന്ന രോഗികൾക്ക് സൗജന്യ ആന്റിവെനം നൽകിപ്പോരുന്നതും അദ്ദേഹം എടുത്തുപറഞ്ഞു. ഗ്രാമീണപ്രദേശങ്ങളിലെ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്ക് വളരെയധികം ഉപകാരപ്രദമാകുന്ന പാമ്പുവിഷ ചികിത്സയെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള 'സേവ്യർ' എന്ന കൈപ്പുസ്തകം ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി പ്രകാശനംചെയ്തു. നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ ഡെപ്യൂട്ടി ഡയറക്ടർമാരായ ഡോ. അജിത് ഷിവാൾ പാമ്പുകടി തടയുന്ന

തിനായുള്ള നാഷണൽ ആക്ഷൻ പ്ലാൻ വിശദീകരിച്ചു. ശില്പ ശാലയുടെ ഓർഗനൈസിങ്ങ് കൺവീനറും ജൂബിലി മിഷൻ ആശു പത്രിയുടെ എമർജൻസി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറുമായി ഡോ. സിജു വി. അബ്രാഹം സ്വാഗതം ആശംസിച്ചു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയ റക്ടറും ആരണ്യകം നേച്ചർ ഫൗണ്ടേഷന്റെ ചെയർമാനുമായ ഡോ. ഇസ, ജൂബിലി മിഷൻ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഡിയോ മാത്യു പരിപാടി കൾക്ക് നേതൃത്വം നൽകി. ഡോ. വിജയ് ചഞ്ചൽ നന്ദി പറഞ്ഞു.

## Congratulations!




പെരിങ്ങോട് പൂമുള്ളി ആറാം തമ്പുരാൻ സ്മാരക വൈദ്യ ശ്രേഷ്ഠ പുരസ്കാരം ജൂബിലിയുടെ അഭിമാനമായ ജൂബിലി ആയുർവേദ മിഷൻ ആശുപത്രി ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണാറ്റയ്ക്ക് ലഭിച്ചു. നാല് പതിറ്റാണ്ടിലേറെയായി ആയുർവേദ രംഗത്ത് നൽകിവരുന്ന സേവനം മുൻനിർത്തിയാണ് ഈ അവാർഡ്. പെരിങ്ങോട് പൂമുള്ളി മന ആയുർവേദ ആശുപത്രിയിൽ വച്ച് ഡോ.റാണി മേനോൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ശ്രീ. പി.എം.നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ.പി.എം.വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവർ ചേർന്ന് പുരസ്കാരദാനം നിർവഹിച്ചു.



# മദർ തെരേസ ഹാളിന് പുതിയമുഖം






ജൂബിലി മിഷൻ ആശുപത്രിയിൽ അതിനൂതന രീതിയിൽ സജ്ജമാക്കിയ മദർ തെരേസ ഹാളിന്റെ ആശീർവ്വാദകർമ്മം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മൂന്നൂറ്റമ്പതോളം പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഹാളിൽ അത്യാധുനിക രീതിയിലുള്ള ശബ്ദ സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. ചടങ്ങിൽ ഒല്ലൂർ എ. എസ്. പി. മുഹമ്മദ് നദീം ഐ.പി.എസ്., ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. സിന്റോ കാരേപറമ്പൻ, ഫാ. ജോയ്സൻ ചെറുവത്തൂർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, നഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ എഫ്.സി.സി. എന്നിവർ സന്നിഹിതരായിരുന്നു.




# ചർമ്മം മിനുക്കാം മിഡ്ക്യൂട്ടികോൺ 2024

വിജ്ഞാനവിനിമയത്തിനായി പ്രമുഖ ഡെർമറ്റോളജി വിദഗ്ധർ പങ്കെടുക്കുന്ന മിഡ്ക്യൂട്ടികോൺ-2024ന് തുടക്കമായി. മെയ് 12-ന് ഹയാത്ത് റീജൻസിയിലാണ് കോൺഫറൻസ് നടന്നത്. തൃശ്ശൂർ ഡെർമറ്റോളജി ക്ലബ്ബും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറോളം പ്രമുഖരായ ഡെർമറ്റോളജി പ്രഫഷണലുകളും ഗവേഷകരും അക്കാദമിക് വിദഗ്ധരും പരിപാടിയിൽ പങ്കെടുത്തു. ഡെർമറ്റോളജിയിൽ അത്യാധുനിക ഗവേഷണങ്ങൾ അതിനൂതനരീതികളിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഡെർമറ്റോളജിയുടെ ഭാവി രൂപപ്പെടുത്തുന്ന സഹകരണങ്ങൾ പ്രോത്സാഹിപ്പിക്കാനും ഈ സമ്മേളനം സഹായിക്കും.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഡെർമറ്റോളജി വിഭാഗം മേധാവി ഡോ. മേഴ്സി പോൾ ആൻഡ്രൂസ് സമ്മേളനത്തിന്റെ ചെയർപേഴ്സനായും അസോസിയേറ്റ് പ്രൊഫസർ ഡോ. ഡേവിഡ് പുതുക്കാടൻ ഓർഗനൈസിങ്ങ് സെക്രട്ടറിയായും അസിസ്റ്റന്റ് പ്രൊഫസർ ഡോ. വർഗ്ഗീസ് ജെയിംസ് ട്രഷററായും പ്രവർത്തിക്കുന്നു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ഡെർമറ്റോളജി വിഭാഗം വകുപ്പ് മേധാവി ഡോ. ദേവി സയന്റിഫിക് ചെയർപേഴ്സണായി പ്രവർത്തിക്കുന്നു. സീനിയർ ഡെർമറ്റോളജിസ്റ്റും റിട്ടയേർഡ് ഡെർമറ്റോളജി പ്രൊഫസറുമായ ഡോ. സുഗതൻ മുഖ്യാതിഥിയായിരുന്നു. ജൂബിലി മിഷൻ

മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ വിശിഷ്ടാതിഥിയായിരുന്നു. IADVL-യുടെ (ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് ഡെർമറ്റോളജിസ്റ്റ്സ് വീനറോളജിസ്റ്റ്സ് ആന്റ് ലെപ്രോളജിസ്റ്റ്സ്) കേരള ചാപ്റ്റർ പ്രസിഡണ്ട് ഡോ. ഫിറോസ്, ഹോണററി സെക്രട്ടറി ഡോ. അനുരാധ കാക്കനാട്ട് ബാബു എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്.

ഡെർമറ്റോപാത്തോളജി, കോസ്മറ്റിക് ഡെർമറ്റോളജി, ഡെർമറ്റോസർജറി എന്നീ മേഖലകളിൽ നടക്കുന്ന അതിനൂതന മുന്നേറ്റങ്ങളും ട്രന്റുകളും സമ്മേളനത്തിൽ വിശകലനം ചെയ്തു. ഡെർമറ്റോളജിയുടെ ഭാവിയിൽ തന്നെ ശാശ്വത സ്വാധീനം ചെലുത്താൻ കഴിവുള്ള സമ്മേളനത്തെ വളരെ ആകാംക്ഷയോടെയാണ് ഡെർമറ്റോളജി സമൂഹം വീക്ഷിച്ചത്.




| | |
|---|---|
| Dr. Nimisha Thomas | Dentistry & Maxilo Facial Surgery |
| Dr. Jenson Isac John | Radiology |
| Dr. Sanyukta Gitkumar Hajgude | Urology |
| Dr. Arjun K. Raj | Cardiology |
| Dr. Althaf P M | Neurosurgery |
| Mr. Antony Paul Neelankavil | Engineering Wing |
| Mrs. Meenu Xavier | Central Laboratory |
| Ms. Mariya E J | Neurology |
| Ms. Hridhya Balan K | Urology |
| Mrs. Saji K G | JCMR |
| Ms. Samvrutha C M | Ayurveda |
| Ms. Mariya Davis | Ayurveda |
| Mrs. Sreelakshmi S | Radiology |
| Mrs. Anju M S | Radiology |
| Mrs. Geethu Sajeev | Canteen |
| Mr. Jomon P J | Canteen |
| Mr. Antony C B | Canteen |
| Mrs. Preethi | Canteen |
| Mrs. Priyanka M R | Canteen |

## Nursing

Sr. Sophy Raphael (Sophy T R)
Sr. Lekha Alappat (Leena A V)
Ms. Anit Jacob
Ms. Anitta Shaju
Mrs. Aleena P V
Mrs.Ashmy George
Sr. Angel Joy V
Mrs. Roniya O J
Mrs. Stini Francis
Ms. Durga P S
Ms. Raiji Raphy
Ms. Dilna P D
Mrs. Christy P Y
Mrs. Rini K P
Mrs. Riya James
Ms. Riya Sunny
Mrs. Jincy E J
Mrs. Blessy Francis
Mrs. Siya Jose
Mrs. Nomy Jose Thattil
Ms. Monika Vinaya E B



# വായിച്ച് വളരാം....

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ജെ.പി. ബ്രദേഴ്സ് മെയ് 27, 28, 29 തീയതികളിൽ ബുക്ക് എക്സിബിഷൻ നടത്തുകയുണ്ടായി. ബി ബ്ലോക്കിലെ ഓൾഡ് സി.സി.എം ഹാളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം ആറുമണി വരെയാണ് പുസ്തക പ്രദർശനം ഉണ്ടായിരുന്നത്. മെഡിസിൻ ബുക്സിന് പുറമേ ഡന്റൽ, നഴ്സിംഗ് തുടങ്ങി വിവിധ വിഭാഗത്തിൽപ്പെട്ട പുതിയ എഡിഷൻ ബുക്കുകളും പ്രദർശനത്തിൽ ഉണ്ടായിരുന്നു. മെഡിക്കൽ വിദ്യാർത്ഥികളും ഡോക്ടേഴ്സും മറ്റു സ്റ്റാഫും ഈ പ്രദർശന വേളയിൽ പങ്കെടുത്തു. ലൈബ്രറി സ്റ്റാഫിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു.








# നഴ്സസ് ദിനമാഘോഷിച്ച്
# JMCON & JMSON

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിന്റെയും സ്കൂൾ ഓഫ് നഴ്സിങ്ങിന്റെയും സംയുക്താഭിമുഖ്യത്തിൽ നഴ്സസ് ഡേ വിപുലമായി ആഘോഷിച്ചു. പ്രസ്തുത ചടങ്ങിൽ ഏവർക്കും ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോരശ്മി സ്വാഗതം അറിയിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന അമല നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. രാജി രഘു നാഥ് നഴ്സിങ്ങ് ഡേ സന്ദേശം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ച പരിപാടി ജൂബിലി മിഷൻ മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. രോഗീപരിചരണത്തെപ്പറ്റിയുള്ള അവലോകനം കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാന ദുരൈ അവതരിപ്പിച്ചു. നഴ്സസ് ദിനാഘോഷത്തിന്റെ ഭാഗമായി ജൂബിലി മിഷൻ സ്ക്കൂൾ ഓഫ് നഴ്സിങ്ങിലെ ട്യൂറ്റർ ശ്രീമതി






പ്രിൻസി പീറ്റർ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ അസോസിയേറ്റ് പ്രൊഫസർ ശ്രീമതി ഷീജ സെബാസ്റ്റ്യൻ, എന്നിവരെ ബെസ്റ്റ് അദ്ധ്യാപകരായും ആനറ്റ് കെ. ലോനപ്പൻ (4th Year BSc.), അഭയ കെ. ആർ. (3rd Year GNM) എന്നിവരെ ബെസ്റ്റ് വിദ്യാർത്ഥികളായും അവാർഡുകൾ നൽകി അനുമോദിച്ചു.





# ലോക ഹൈപ്പർടെൻഷൻ ദിനം ക്യാമ്പും ക്ലാസും

ലോക ഹൈപ്പർടെൻഷൻ ദിനത്തോടനുബന്ധിച്ച്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം 17.05.2024 ന് രാവിലെ 8.30 മുതൽ 12.30 വരെ ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ ഡയമണ്ട് ജൂബിലി ബ്ലോക്കിൽ രക്തസമ്മർദ്ദ പരിശോധന ക്യാമ്പും ആരോഗ്യ ബോധവത്കരണ ക്ലാസും നടത്തി. 207 പേർ പങ്കെടുത്ത ക്യാമ്പിൽ 59 പേരിൽ ഉയർന്ന രക്തസമ്മർദ്ദം കണ്ടെത്തുകയും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ അവരുടെ BP യുടെ അളവിനനുസരിച്ചു ആവശ്യമായ ഭക്ഷണക്രമത്തിനുള്ള നിർദേശങ്ങൾ ഒരു ഡൈറ്റീഷ്യന്റെ സഹായത്തോടെ ലഭ്യമാക്കി. ഹൈപ്പർടെൻഷൻ എന്ന അവസ്ഥയെക്കുറിച്ചു ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി ക്ലാസ്സുകളും നൽകി.

ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, നഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ട്രീസ്സ ആന്റോ എന്നിവർ ആശംസകൾ അറിയിച്ചു. ആതുരസേവനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന രീതിയിൽ നഴ്സിങ്ങ് വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ് മോബും നഴ്സസ് ഡേ തീം പ്രസന്റേഷനും പരിപാടിയെ മികവുറ്റതാക്കി. പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ഏവർക്കും സ്കൂൾ ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പൽ സി. റെജി അഗസ്റ്റിൻ നന്ദി പ്രകാശിപ്പിച്ചു.





RESEARCH WINGS

# JOURNAL CLUB

72th Journal club meeting organised by JCMR on 22nd May, Wednesday at New CCM hall. The speaker on the occasion was Dr. Joe Jacob, Senior Resident, Department of Orthopaedics. The topic was based on an article titled "Changes in Testing and Treatment Methods in Osteoporosis Care" published in Journal of Osteoporosis, Volume 2024, Article ID 962989 [Nagai T et.al]. The article described about the strategies adopted in testing and tretament modalities in Osteoporesis care for a period of 5 years from 2015 to 2020. The study has stressed on the importance of bone metabolic markers like procollagen 1 N-terminal propeptide in diagnosing osteoporosis. Dr. Deepthi, Dr. Jose amd Dr. Kurien participated in the discussion and provided their input.



# ക്ലാസ്സ്മുറിക്കുള്ളിൽ സ്റ്റാറാകാൻ

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിൽവെച്ച് വ്യത്യസ്ത അഭിരുചികൾ നിറഞ്ഞ ക്ലാസ് മുറികളിൽ വിദ്യാർത്ഥികളുടെ നിലവാരത്തിനനുസരിച്ച് മെച്ചപ്പെട്ട രീതിയിൽ ക്ലാസുകൾ എങ്ങനെ എടുക്കാം എന്നതിനെപ്പറ്റിയുള്ള ഏകദിന ട്രെയിനിങ്ങ് പ്രോഗ്രാം മഹാജൂബിലി ബി.എഡ്. കോളജ് പ്രിൻസിപ്പൽ ഡോ. ഫാ. ചാക്കോ ചിറമ്മൽ നയിച്ചു. വിവിധ പഠന രീതികളെ പരിചയപ്പെടാനും കുട്ടികളുടെ പഠന നിലവാരം ഉയർത്താനും ഉതകുന്ന തരത്തിലുള്ളതായിരുന്ന ഈ ക്ലാസ്. ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെയും സ്കൂൾ ഓഫ് നഴ്സിങ്ങിലെയും അധ്യാപകർ പങ്കെടുത്ത ഈ ക്ലാസ് ഏറെ ഉണർവ്വ് നൽകുന്ന ഒന്നായിരുന്നു.

## Congratulations!



യങ്ങ് മെൻസ് ക്രിസ്റ്റ്യൻ അസോസിയേഷൻ, YMCA തൃശ്ശൂർ നൽകുന്ന 'നൈറ്റിംഗേൽ അവാർഡ് 2024' കരസ്ഥമാക്കിയ ഡെപ്യൂട്ടി നഴ്സിങ്ങ് സൂപ്രണ്ട് ശ്രീമതി ഷൈനി ജോസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കേരള ആരോഗ്യ സർവകലാശാല കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ വെച്ച് നടത്തിയ ഇന്റർകോളീജിയറ്റ് അത്‌ലറ്റിക് മീറ്റ് 2023-2024ൽ 100 മീറ്റർ റേസിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ MBBS 20-ാം ബാച്ച് വിദ്യാർത്ഥിനി ലിസ ടോംസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.






# ഓടി ജയിച്ച് JMCON

കേരള ആരോഗ്യ സർവകലാശാല പുരുഷ-വനിത വിഭാഗങ്ങൾക്കായി കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽവെച്ച് നടത്തിയ ഇന്റർ കോളേജ് അത്‌ലറ്റ് മത്സരങ്ങളിൽ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികൾക്ക് ഉന്നതവിജയം. നാലാംവർഷ ബി. എസ്. സി. നഴ്സിങ്ങ് വിദ്യാർത്ഥികളായ നോയൽ ലിയോൺസ് 100 മീറ്റർ, 200 മീറ്റർ ഓട്ട മത്സരങ്ങളിൽ മൂന്നാം സ്ഥാനവും അഖില പി. എസ്. 800 മീറ്റർ ഓട്ടത്തിൽ മൂന്നാം സ്ഥാനവും പുരുഷ-വനിത വിഭാഗം റിലേ മത്സരത്തിൽ ഗിൽക്രിസ്റ്റ് സച്ചിൻ, ജോസ്ഫിൻ, നോയൽ, ജെസ്ന മോൾ, ഗഗന, അഖില, ഷിയോണ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.


Order No.: M3-7700/2023
Date: 02.06.2023
Certificate No.: 1

Government of Kerala
Department of Tourism

Ayurveda Centre Classification
[GO (Rt.) No.: 27/2019/Tourism. Dated 19.12.2019]

**The Department of Tourism, Government of Kerala,** after examination by the duly appointed Ayurvedic Classification Committee, confers the status of **Ayur Diamond** on M/s. Jubilee Ayurveda Mission Hospital and Research Institute, Ramavarmapuram, Thrissur. The status is valid for a period of 3 years starting from 02.06.2023. To retain the status for the said period, it is mandatory for the management of the Ayurvedic Centre to abide by all the regulations laid down by the **Department of Tourism** from time to time.

kerala
God's Own Country
Thiruvananthapuram

Director
Department of Tourism

## ജൂബിലി ആയുർവേദയ്ക്ക്

# ആയുർ ഡയമണ്ട് ക്ലാസിഫിക്കേഷൻ

തൃശ്ശൂർ ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ആയുർ ഡയമണ്ട് ക്ലാസിഫിക്കേഷൻ ലഭിച്ചു. സംസ്ഥാന ടൂറിസം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ അവശ്യ വ്യവസ്ഥകളും പാലിക്കുന്ന ആയുർവേദ ആശുപത്രികൾക്ക് നൽകുന്ന ഏറ്റവും ഉയർന്ന അംഗീകാരമാണ് ആയൂർ ഡയമണ്ട് സർട്ടിഫിക്കേഷൻ. ആശുപത്രി നൽകുന്ന ചികിത്സയുടെയും സേവനങ്ങളുടെയും ഗുണനിലവാരം അടിസ്ഥാനമാക്കിയാണ് ആയൂർ ഡയമണ്ട് അംഗീകാരം നൽകുന്നത്.

യോഗ്യരായ ആയൂർവേദ ഡോക്ടർമാർ, ഉയർന്ന നിലവാരമുള്ള ചികിത്സകൾ, മരുന്നുകൾ, വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ മുറികൾ, ഉപകരണങ്ങൾ, പരിസ്ഥിതി സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയും വ്യവസ്ഥകളിൽ ഉൾപ്പെടുന്നു.

മികച്ച ആയൂർവേദ ചികിത്സ നൽകുന്നതിനുള്ള തൃശ്ശൂർ ജൂബിലി ആയൂർവേദ മിഷൻ ആശുപത്രിയുടെ പ്രതിബദ്ധതയ്ക്കും അതിനായി പ്രവർത്തിക്കുന്ന ഡോക്ടർമാരുടെയും ടീമിന്റെയും ഗുണനിലവാരത്തിനും കാര്യക്ഷമതയ്ക്കും നൽകുന്ന അംഗീകാരമാണ് ഈ സർട്ടിഫിക്കേഷൻ.

രാമവർമ്മപുരം പോലീസ് അക്കാദമിയുടെ മുന്നിൽ സ്ഥിതി ചെയ്യുന്ന ജൂബിലി ആയൂർവേദ മിഷൻ ആശുപത്രിയിൽ ആയുർവേദ രംഗത്ത് പ്രഗൽഭരായ ഡോക്ടർമാരുടെ കർശനമായ മാർഗ്ഗനിർദ്ദേശത്തിൽ, ആയൂർവേദത്തിന്റെ തത്വങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പഞ്ചകർമ്മ ചികിത്സകൾ നൽകിവരുന്നു. എല്ലാവിധ പരിശോധനകൾക്കുമുള്ള ലാബ് സൗകര്യവും, ഇൻഷുറൻസ് സൗകര്യവും ജൂബിലി ആയൂർവേദയിൽ ലഭ്യമാണ്. ആയൂർവേദ പഞ്ചകർമ്മ ആന്റ് നഴ്സിംഗ് ഡിപ്ലോമ കോഴ്സും ജൂബിലി ആയൂർവേദയിൽ നടത്തിവരുന്നു.

# NABH എത്തിക്സ് കമ്മിറ്റി അസസ്സ്മെന്റ്



ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ മെയ് 24-ാം തീയതി NABH എത്തിക്സ് കമ്മിറ്റി അസസ്സ്മെന്റ് നടന്നു. ഹൈദ്രാബാദിൽനിന്നുള്ള ഡോ. സുശീല കോദണ്ഡപാണി ആയിരുന്നു അസസ്സർ. ജൂബിലി സെന്റർ ഫോർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി അസസ്സർ വിലയിരുത്തി.




# ബ്രോങ്കിയൽ ആസ്ത്മ

## ലക്ഷണങ്ങൾ | സമീപനം | ചികിത്സ

ബ്രോങ്കിയൽ ആസ്ത്മ ദിനാചരണത്തിന്റെ ഭാഗമായി, 2024 മെയ് 7-ന് ബ്രോങ്കിയൽ ആസ്ത്മയെക്കുറിച്ച് ഒരു ക്ലാസ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ശിശുരോഗ വിഭാഗം സംഘടിപ്പിച്ചു. പീഡിയാട്രിക്സിലെ ജൂനിയർ റസിഡന്റ് ഡോ. ദിവ്യ, Bronchial Asthma, GINA guidelines 2024, വിവിധ ലക്ഷണങ്ങൾ, സമീപനം, സ്ക്രീനിംഗ്, ചികിത്സ എന്നിവ യെക്കുറിച്ച് സംസാരിച്ചു. ഡോ. സഞ്ജീവ് കുമാർ, ഡോ. രതി, ഡോ. അപർണ, ഡോ. ജിബി, പീഡിയാട്രിക്സിലെ ജൂനിയർ റസിഡന്റ്സ്, ഹൗസ് സർജൻമാർ എന്നിവർ പങ്കെടുത്തു.





# NABL റിന്യൂവൽ അസസ്സ്മെന്റ്

മൈക്രോബയോളജി വിഭാഗം മോളിക്യൂലാർ ലാബിന്റെ ഗുണനിലവാരവും സാങ്കേതികമികവും വിലയിരുത്തുന്നതിനായുള്ള NABL (National Accreditation Board for Testing and Calibration Laboratories)ന്റെ റിന്യൂവൽ അസസ്സ്മെന്റ് മെയ് 11, 12 തീയതികളിൽ പൂർത്തിയായി. അസസ്സ്മെന്റിൽ ലാബിന്റെ ക്വാളിറ്റി നിലവാരം ഉറപ്പാക്കുന്ന രീതിയിലുള്ള പ്രവർത്തനത്തെപ്പറ്റിയും അസസ്സേർസ് ആയ ചെന്നൈയിൽനിന്നുള്ള ഡോ. കെ. സൗമ്യ, ഹൈദ്രാബാദിൽനിന്നുള്ള ശ്രീമതി ചെരുവു വിശാല ശർമ്മ എന്നിവർ പ്രത്യേകം പരാമർശിച്ചു.

## യാത്രാമംഗളങ്ങൾ

  

സ്തുത്യർഹ സേവനത്തിനുശേഷം വിരമിക്കുന്ന
ഹൗസ് കീപ്പിങ്ങ് ഡിപ്പാർട്ടുമെന്റിലെ
**ശ്രീമതി ഇന്ദിര പി. വി., ശ്രീമതി റോസിലി ജോയ്,**
**ശ്രീമതി ഷീല ജോയ്** എന്നിവർക്ക്
ജൂബിലി കുടുംബത്തിന്റെ
**കൃതജ്ഞതയും യാത്രാമംഗളങ്ങളും**




# DENGUE FEVER
## A PUBLIC HEALTH IMPERATIVE

As the monsoon season approaches in Kerala, we are anticipating a surge in the number of cases of mosquito borne diseases like dengue fever and chikun gunya compared to last year. Dengue fever, caused by the dengue virus poses a significant public health challenge due to its high morbidity and mortality rates. About half of the world's population is at risk of dengue, with an estimated 100 - 400 million infections occurring each year.The incidence of dengue has increased 30 fold over the last 50 years. In India, as per National Centre for Vector Borne Diseases Control data, there were 94,198 cases and 91 deaths in 2023. Among those with 9770 cases and 37 deaths, Kerala tops the list. Since 2016, India has been

observing National Dengue Day on May 16th, highlighting the accelerated prevention and control of dengue prior to the monsoon season. After the summer rains itself, Kerala has witnessed thousands of cases. The health wing has stated about the intensification of prevention activities.

Preventing dengue fever includes a combination of community engagement, environmental and personal protective measures. Healthcare workers play a vital role in educating the public about mosquito breeding sites. Aedes mosquitoes, the vector of dengue and chikun gunya fever, are highly domesticated and strongly anthropophilic. It breeds in artificial water collections, which makes source reduction easy.

One of the best and most effective environmental measures to prevent dengue and chikun gunya cases is source reduction. The environment should be cleaned to remove water collected in discarded tins, broken bottles, empty pots, egg shells, coconut shells, refrigerator trays, both indoor and outdoor plant pots, discarded or unused tyres, and similar artificial collections of water. Then cleaning the rooftops, porticos, sunshades, proper covering of stored water, observing weekly dry days by which empty and clean domestic water storage containers are other measures. Source reduction measures produce permanent results.



The biological control includes growing small fish such as gambusia and guppy, which feed on mosquito larvae. These fish can be grown in ornamental ponds, water cisterns, etc. However, there has been a growing interest in controlling mosquitoes biologically using fish.

Protection from mosquito bites can be achieved by personal protective measures such as wearing full sleeve shirts and full pants, use of mosquito repellent creams like Odomos, liquids,



coils, mat, use of bed nets, and screening of doors and windows with meshes. Even though screening is a costly process, it gives excellent results. As per The Kerala Public Health Act 2023, the state has warned against dumping waste in water bodies and open places which turn into breeding sites for mosquitoes. Violators can be fined upto 10,000 rupees.

As Kerala is going to experience the monsoon season, effective preventive measures are essential to alleviate mosquito borne diseases. Our commitment to public health and patient care should inspire us to fight against these diseases. By working together to promote a culture of awareness and prevention, we can protect our community and save lives.

**Dr Aiswarya K Venugopal**
Senior Resident
Dept of Community Medicine



# കാഴ്ച പരിമിതിയില്ലാതാക്കാൻ സ്മാർട്ട് വിഷൻ ഗ്ലാസ്





നാഷണൽ ഫെഡറേഷൻ ഓഫ് ദ് ബ്ലൈൻഡ് കേരള ബ്രാഞ്ച് കാഴ്ചപരിമിതർക്കായി സ്മാർട്ട് വിഷൻ ഗ്ലാസ് വിതരണവും പരിശീലനവും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് മെയ് 25-ാം തീയതി രാവിലെ 9.30ന് നടത്തി. NFB കേരള സ്റ്റേറ്റ് ബ്രാഞ്ച്, പ്രോജക്ട് വിഷൻ (ഹോപ് ഫൗണ്ടേഷൻ), ട്രെൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവ സംയുക്തമായി കാഴ്ചപരിമിതരായ 35 വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും വീട്ടമ്മമാർക്കും 35,000 രൂപ വിലമതിക്കുന്ന സ്മാർട്ട് വിഷൻ ഗ്ലാസ് ആണ് വിതരണം ചെയ്തത്. ജില്ലാ കളക്ടർ വി. ആർ. കൃഷ്ണതേജ വിതരണം നിർവ്വഹിച്ചു.

പ്രോജക്ട് വിഷൻ ഡയറക്ടർ ഫാ. ജോർജ്ജ് കണ്ണന്താനം, ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ട്രെൽ ഇന്ത്യ ഡയറക്ടർ ജീസ് ജോയ് തറയിൽ, SAS പാർട്ണേഴ്സ് ഡയറക്ടർ സോയ് ജോസഫ്, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ CEO ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ഒഫ്താൽമോളജി വിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. ആൻഡ്രൂസ് സി. വി. എന്നിവർ പ്രസംഗിച്ചു.



# കാണപ്പെടുന്ന ദൈവമുള്ളിടം

ഞാൻ എട്ട് വർഷങ്ങളായി നെഫ്രോളജി വിഭാഗം ഡോക്ടർ ജോൺ എ.ജി. യുടെ കീഴിൽ ചികിത്സയിലാണ്. ഇപ്പോൾ ഒരു മാസമായി ജൂബിലിയിൽ അഡ്മിറ്റായിരുന്നു. ഈ വാർഡിലെ എല്ലാ നഴ്സുമാരും എന്നെ നന്നായി പരിചരിച്ചിട്ടുണ്ട്.

Together,
We are the
Patient Experience !

എല്ലാവരും നല്ല രീതിയിൽ പെരുമാറുകയും ഏതു രാത്രി വിളിച്ചാലും എന്ത് അത്യാവശ്യത്തിനും ഓടിവരികയും ചെയ്തിരുന്നു. ഡോ. ജോൺ ഞങ്ങൾക്കു കാണപ്പെട്ട ദൈവമാണ്. ഞങ്ങളുടെ എല്ലാ സംശയങ്ങൾക്കും ഡോക്ടർ വ്യക്തമായി മറുപടി പറഞ്ഞുതന്നിരുന്നു. അൽഫോൻസാ വാർഡിലെ എല്ലാ നഴ്സുമാർക്കും ഞാൻ പ്രത്യേകം നന്ദി പറയുന്നു. നിങ്ങൾ തന്ന സ്നേഹത്തിനും പരിചരണത്തിനും ഒത്തിരി നന്ദി.




# റേഡിയോളജി ഏകദിന തുടർവിദ്യാഭ്യാസ ശില്പശാല

ജൂബിലി മിഷൻ മെഡിക്കൽ കോളജ് റേഡിയോളജി ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് റേഡിയോഗ്രാഫേഴ്സ് ആൻഡ് ടെക്നോളജിസ്റ്റ്സ് (ISRT), തൃശൂർ അക്കാദമിക് ക്ലബ്ബുമായി സഹകരിച്ച് ഏകദിന തുടർവിദ്യാഭ്യാസ ശില്പശാല 26-05-2024 നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, ISRT തൃശൂർ സെക്രട്ടറി ഡോ. സി. ലിസാന്റോ FCC, ISRT തൃശൂർ ചെയർപേഴ്സൺ ശ്രീ. അനൂപ് പി.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. റേഡിയോളജിയിലെ വിവിധ തലങ്ങളിൽപ്പെട്ട വിഷയങ്ങളെക്കുറിച്ച് ശ്രീമതി സെൽമ വർഗ്ഗീസ്, ശ്രീ. അനൂപ് പി.സി., ശ്രീമതി സബിത ബി.എസ്., സിസ്റ്റർ ലിസാന്റോ എന്നിവർ സെമിനാറുകൾ അവതരിപ്പിച്ചു. ചടങ്ങിൽ ജൂബിലി മിഷൻ റേഡിയോളജി ഇൻചാർജ് സി. റോസിൻ നന്ദി പ്രകാശിപ്പിച്ചു.



# മരണനിരക്ക് കുറയ്ക്കാൻ സാധിക്കും!

# AHA

## ജൂബിലി ഇന്റർനാഷണൽ ട്രെയിനിങ് സെന്റർ

ആഗോളടിസ്ഥാനത്തിൽ പക്ഷാഘാതവും ഹൃദയസ്തംഭനവും ആണ് മരണകാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. കൃത്യതയാർന്നതും ഫലപ്രദവുമായ ചികിത്സാ രീതികളിലൂടെ ഈ മരണനിരക്ക് കുറയ്ക്കാൻ സാധിക്കും. 1924ൽ 6 ഹൃദ്രോഗവിദഗ്ധർ ചേർന്ന് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ സ്ഥാപിക്കുമ്പോൾ സുദീർഘവും ആരോഗ്യകരവുമായ ലോകത്തിനുവേണ്ടി അശ്രാന്തമായ ശക്തിയാവുക എന്ന ലക്ഷ്യമായിരുന്നു മുന്നിൽ.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ഭാഗമായ AHA ഇൻറർനാഷണൽ ട്രെയിനിങ് സെൻറർ (ജൂബിലി ഐടിസി) 2018 നവംബർ മാസം മുപ്പതാം തീയതി ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് ഡയറക്ടറായിരിക്കെ ഡോക്ടർ ബാബു ഉറുമീസ് പാലാട്ടിയുടെയും ഡോക്ടർ അപ്പു സുശീലിന്റെയും നേതൃത്വത്തിൽ സ്ഥാപിതമായി. അടിയന്തര ജീവൻരക്ഷാ മാർഗ്ഗങ്ങൾ അഭ്യസിപ്പിക്കുന്നതിനായി ജൂബിലി ഐ.ടി.സി.യിൽ നിരവധി സർട്ടിഫൈഡ് കോഴ്സുകൾ നടത്തപ്പെടുന്നു. Heartsaver, Basic Life Support (BLS) Advanced Cardiovascular Life Support (ACLS), Peditaric Advanced Life Support (PALS), and Advanced Sroke Life Support (ASLS) എന്നീ കോഴ്സുകൾ ഇവിടെ നടത്തപ്പെടുന്നു. BLS, ACLS, HEART SAVER വിഭാഗത്തിലായി 18 ഫാക്കൽറ്റിയും PALS വിഭാഗത്തിൽ ഏഴു

ഫാക്കൽറ്റിയും ASLS വിഭാഗത്തിൽ ഒരു ഫാക്കൽറ്റിയും ഇവിടെ പ്രവർത്തിക്കുന്നു.

ഡോക്ടർമാരും വിദ്യാർത്ഥികളും നേഴ്സുമാരും മറ്റു പാരാമെഡിക്കൽ അംഗങ്ങളുമായി ഏകദേശം 3000 ത്തിലധികം ആരോഗ്യ പ്രവർത്തകർ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ കോഴ്സുകൾ അഭ്യസിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ അടിയന്തര സാഹചര്യങ്ങളിലെ ഫസ്റ്റ് റെസ്പോണ്ടേഴ്സ് ആയിട്ടുള്ള പോലീസ്, ഫയർ ആൻഡ് സേഫ്റ്റി സ്ക്വാഡ്, ഫോറസ്റ്റ് ഒഫീഷ്യൽസ്, ഫോറസ്റ്റ് സ്റ്റുഡൻസ് ആൻഡ് ഗാർഡ്സ്, ആംബുലൻസ് ഡ്രൈവേഴ്സ്, ഓട്ടോറിക്ഷ ഡ്രൈവേഴ്സ്, സ്റ്റുഡൻസ്, ടീച്ചേഴ്സ് എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവരെ മെഡിക്കൽ എമർജൻസി മാനേജ്മെൻറ് പഠിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഈ കോഴ്സുകളെല്ലാം തന്നെ ആരോഗ്യ പ്രവർത്തകർക്ക് ഹൃദയസ്തംഭനാവസ്ഥകളിലും മറ്റു അടിയന്തര സാഹചര്യങ്ങളിലും നൈപുണ്യത്തോടെയും ആത്മവിശ്വാസത്തോടെ ധൈര്യപൂർവം പ്രതികരിക്കാൻ സാഹചര്യമൊരുക്കുന്നു. ജൂബിലി ഐടിസി വളരെ കൃത്യതയാർന്നതും മികച്ചതുമായ ക്ലാസുകളിലൂടെയും പ്രാക്ടിക്കൽ സെഷനുകളിലൂടെയും ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കാനുതകുംവിധം തങ്ങളുടെ വിദ്യാർത്ഥികളെ വൈദഗ്ധ്യമുള്ളവരാക്കുന്നു..

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.
**ഡോ. രാജീവ് പി. സി.** (ട്രെയിനിങ്ങ് സെന്റർ കോഡിനേറ്റർ)
**അനു ദേവസ്സി** (ട്രെയിനിങ്ങ് സെന്റർ അഡ്മിനിസ്ട്രേറ്റർ)




   

നഴ്സസ് ഡേയുടെ ഭാഗമായി കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽവെച്ചുനടത്തിയ IV champion competitionൽ മൂന്നാം സ്ഥാനം ലഭിച്ച സ്റ്റാഫ് നഴ്സുമാരായ ലിസി സി.പി. (CCU), സ്റ്റെഫി തിമോത്തി (JHB 3), ജിന്റ ജോയ് (NMICU), വർഷ ടി. ബി. (DJB 1) എന്നിവർക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



# ദഹന വ്യവസ്ഥയെ വൃത്തിയായി സൂക്ഷിക്കാൻ ഡയറ്ററി ഫൈബർ

മനുഷ്യന്റെ ദഹന വ്യവസ്ഥയ്ക്ക് പൂർണ്ണമായി വിഘടിക്കാൻ സാധിക്കാത്ത ഭക്ഷണ രൂപത്തെയാണ് ഡയറ്ററി ഫൈബർ അല്ലെങ്കിൽ നാരുകൾ അടങ്ങിയ ഭക്ഷണം എന്ന് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നാരുകളെ ഒരു മാക്രോ ന്യൂട്രിയന്റായി കണക്കാക്കാം എന്നാൽ ഊർജ്ജ ഉല്പാദനത്തിനായി നമ്മുടെ ശരീരത്തിന് ഈ നാരുകളെ വിഘടിപ്പിക്കാനോ ദഹിപ്പിക്കാനും കഴിയുകയില്ല. നമ്മുടെ ദഹനവ്യവസ്ഥയെ വൃത്തിയായി സൂക്ഷിക്കുവാൻ ഇവ നമുക്ക് ആവശ്യമാണ്. ഇത് കുടലിനുള്ളിൽ ഒരു ചൂല് പോലെ പ്രവർത്തിക്കുന്നു. സെല്ലുലോസ് പോലെയുള്ള നീളമേറിയ തന്മാത്രകൾ കൊണ്ടാണ് ഈ നാരുകൾ നിർമ്മിച്ചിരിക്കുന്നത്. ശരീരം ഈ നാരുകളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പല വിഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു, ലയിക്കുന്ന നാരുകളും ലയിക്കാത്ത നാരുകളും എന്നിങ്ങനെ

യാണ് പ്രമുഖമായ കണ്ടുവരുന്ന വിഭജനം. നാരുകൾ അടങ്ങിയ ഭക്ഷണം പൊതുവേ ആരോഗ്യത്തെ സുരക്ഷിതമാക്കുകയും മറ്റു അപകടകരമായ രോഗങ്ങൾവരാതെ സംരക്ഷിക്കുകയും ചെയ്യുന്നു.



സസ്യാധിഷ്ഠിത ഭക്ഷണങ്ങളായ തവിടുള്ള ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, വിവിധ വിത്തുകൾ എന്നിവയിൽ പലവിധത്തിലുള്ള നാരുകൾ കണ്ടുവരുന്നു. നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നതിന്റെ പ്രയോജനം ഏതുതരം നാരുകൾ കഴിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

ലയിക്കാത്ത നാരുകൾ വെള്ളത്തിലോ ദഹന രസത്തിലോ കാര്യമായി വിഘടിക്കാതെ നിലനിൽക്കുന്നു. ഇവ ഒരു ബ്രഷ് പോലെ കുടലിനെ വൃത്തിയാക്കാൻ സഹായിക്കുന്നു, കൂടാതെ ക്രമമായ മലവിസർജനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ലയിക്കാത്ത നാരുകൾ കൂടുതലായി ചെടികളുടെ പുറംതൊലി ഭാഗങ്ങളിൽ നിന്നാണ് ലഭിക്കുക. ലയിക്കാത്ത നാരുകൾ കഴിക്കുമ്പോൾ തരി തരിയായി പൊടിപ്പിച്ചിട്ട് വേണം കഴിക്കുവാൻ വളരെ നേർത്ത രീതിയിൽ പൊടിച്ചുകഴിച്ചാൽ ഇവ വിപരീത ഫലം ചെയ്യും എന്ന് വെച്ചാൽ മലബന്ധം ഉണ്ടാക്കും.

ലയിക്കുന്ന നാരുകൾ ഒരു സ്പോഞ്ച് പോലെ വെള്ളത്തിലോ ദഹനരസത്തിലോ കുതിർന്നു ഒരു ജെൽ രൂപത്തിൽ കുടലിലൂടെ നീങ്ങി വൻകുടലിൽ നല്ല ബാക്ടീരിയയുടെ പ്രവർത്തനങ്ങൾ ഉത്തേജിപ്പിച്ച് നല്ല എൻസൈമുകൾ ഉണ്ടാക്കുകയും വിവിധ അസുഖങ്ങൾ വരാതെ സംരക്ഷിക്കുകയും ചെയ്യുന്നു. വെള്ളത്തിൽ ലയിക്കുന്ന ഇവയെ പ്രീ ബയോട്ടിക് ഫൈബർ എന്നും വിളിക്കും.

പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഡയറ്ററി ഫൈബറുകൾ മൂന്നായി പിന്നെയും വിഭജിച്ചിരിക്കുന്നു.

**1. ബൾക്കിങ് ഫൈബർ:**

പോഷക മൂല്യങ്ങൾ ഇല്ലാത്ത ലയിക്കുന്നതോ ലയിക്കാത്തതോ ആയ സസ്യാധിഷ്ഠിത ഭക്ഷണങ്ങളിലുള്ള ഇവ വെള്ളത്തെ ആഗിരണം ചെയ്ത് മലത്തിന്റെ ഭാരം വർദ്ധിപ്പിച്ച് സാന്ദ്രത

വരുത്തി പതിവായി മലത്തെ പുറന്തള്ളാൻ സഹായിക്കുന്നു.

**2. വിസ്ക്കോസ് ഫൈബർ:**

സസ്യാധിഷ്ഠിതമായി കാണുന്ന ലയിക്കുന്ന നാരുകളാണ് ഇവ, വെള്ളവുമായി ലയിച്ച് ഒരു ജെൽ രൂപത്തിലായി മാറുന്നു ഇവ വയറിന് നിറഞ്ഞ പ്രതീതിയും വിശപ്പ് ഇല്ലാതാക്കി ഭക്ഷണം കഴിക്കുന്നത് കുറയ്ക്കുകയും ചെയ്യുന്നു. ശരീരഭാരം നിയന്ത്രിക്കാനും കൊളസ്ട്രോൾ, പ്രമേഹം എന്നിവ കുറക്കാനും ഇത് ഉപകരിക്കും. ഇവ കഴിക്കുമ്പോൾ വെള്ളം ധാരാളമായി കഴിക്കുവാൻ നോക്കണം.

**3. ഫെർമെന്റബൾ ഫൈബർ:**

ഇവ കൂടുതലായും ലയിക്കുന്ന നാരുകളാണ്. ഇവയെ കുടലിലെ നല്ല ബാക്ടീരിയകൾ വിഘടിപ്പിച്ച് പുളിപ്പിച്ച് അതിന്റെ ഫലമായി ഉണ്ടാകുന്ന വസ്തുക്കൾ ക്യാൻസർ തുടങ്ങിയ വിവിധതരം അസുഖങ്ങളിൽ നിന്ന് കുടലിനെ സംരക്ഷിക്കുന്നു.

**വിവിധതരം നാരുകളും അവയുടെ ഉറവിടങ്ങളും:**

**ലയിക്കാത്ത നാരുകൾ:**

മുഴുവൻ ധാന്യങ്ങളും തവിടുള്ള ഗോതമ്പ്, ചോളം, പഴങ്ങൾ, ഉലുവ, പുതിനയില, കറിവേപ്പില, ചേന, ചുവന്ന കാരറ്റ്, പുളി, സോയ ബീൻസ്, കിഡ്നി ബീൻസ്, പീസ് ബംഗാൾ ഗ്രാം, സപ്പോട്ട, ഉണക്കമുന്തിരി, പിയർ, പേരക്ക, നെല്ലിക്ക, അവോക്കാഡോ, ഉരുളക്കിഴങ്ങ് തൊലി, തക്കാളി, പഴുക്കാത്ത വാഴപ്പഴം, കോളിഫ്ളവർ, തവിട്, കിവി.

**ലയിക്കുന്ന നാരുകൾ:**

ഓട്സ്, ബജ്റ, റാഗി, ജോവർ, ബാർലി, തിനകൾ, അമര പയർ, ആപ്പിൾ, ഗോതമ്പ്, ഉഴുന്ന്, ബീൻസ്, സോയബീൻസ്, മുരിങ്ങയില, അത്തിപ്പഴം, കാരറ്റ്, ഉലുവ, കറിവേപ്പില, മല്ലി വിത്തുകൾ, പഴുത്ത വാഴപ്പഴം, ഉള്ളി, മധുരക്കിഴങ്ങ്, ഫ്ളാക്സ് വിത്ത്, അണ്ടിപ്പരിപ്പ്, ബദാം.ഒട്ടുമിക്ക പഴങ്ങളിലെ പ്രത്യേകത എന്തെന്നാൽ തൊലിയിൽ ലയിക്കാത്ത നാരുകളും ഉള്ളിൽ പൾപ്പിൽ ലയിക്കുന്ന നാരുകൾ അടങ്ങിയിരിക്കുന്നു.

*(തുടരും)*

**ഡോ. ഹാർവിൻ ജോർജ്ജ്**
കൺസൾട്ടന്റ്, ജൂബിലി ആയുർവേദ മിഷൻ
ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


"താൻ സൃഷ്ടിച്ചതെല്ലാം
വളരെ നന്നായിരിക്കുന്നുവെന്നു
ദൈവം കണ്ടു." (ഉൽപത്തി 1 :31)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE